**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1586** **28-07-2021 - ൽ മറുപടിയ്ക്ക്**

**ലിഫ്റ്റ് തകർന്ന് മരണപ്പെട്ട നാജിറ മോളുടെ കുടുംബത്തിന് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ബി ഗണേഷ് കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021 മെയ് 15 ന് തിരുവനന്തപുരം ആർ.സി.സി. യിൽ ലിഫ്റ്റ് തകർന്ന് അപകടത്തിൽ ഗുരുതരമായ പരിക്കേറ്റ് ചികിത്സയിൽ കഴിയവേ മരണപ്പെട്ട പത്തനാപുരം സ്വദേശിനി നാജിറ മോളുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ധനസഹായത്തിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | മരണമടഞ്ഞ പത്തനാപുരം സ്വദേശിനി ശ്രീമതി നാജിറ മോളുടെ കുടുംബത്തിന് സർക്കാർ ഇരുപത് ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. GO(MS)119/2021/Rev തിയതി 24/06/2021 പ്രകാരം "മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ" നിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) 12/07/2021 ലെ ആർ.സി.സി-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, ആർ.സി.സി-യുടെ സ്വന്തം ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ നൽകാനും തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ധനസഹായം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും, എന്നത്തേക്ക് ധനസഹായം നൽകാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച തുക കൈമാറുന്നതുമായി ബന്ധപ്പെട്ട് മൊഴി എടുക്കുന്നതിന് ഹാജരാകുവാൻ പരേതയുടെ ഭർത്താവിന് പത്തനാപുരം വില്ലേജ് ഓഫീസർ മുഖാന്തിരം നിർദ്ദേശം നൽകുകയും ടിയാൻ ജോലി സംബന്ധമായി തമിഴ് നാട്ടിൽ ആയതിനാൽ ലോക് ഡൗൺ നിമിത്തം ഹാജരാകുവാൻ കഴിഞ്ഞിട്ടില്ല. പരേതയുടെ മകൾ മൈനറായതിനാൽ ലീഗൽ ഗാർഡിയനെ നിയമിക്കുകയോ അല്ലാത്തപക്ഷം നാച്ചുറൽ ഗാർഡിയനായ പിതാവിന്റെ മൊഴി രേഖപ്പെടുത്തുകയോ ചെയ്ത ശേഷമേ തുക കൈമാറാൻ സാധിക്കുകയുള്ളു. നിലവിൽ പരേതയുടെ മാതാവിന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഭർത്താവിന്റെ മൊഴി രേഖപ്പെടുത്തിയ ശേഷം മാത്രമേ തുക വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളു. ആർ.സി.സി-യിൽ നിന്നും അനുവദിച്ച പത്ത് ലക്ഷം രൂപ നൽകാൻ മരണമടഞ്ഞ നാജിറ മോളുടെ അനന്തരാവകാശികളുടെ വിശദാംശങ്ങൾ ആരാഞ്ഞു കൊണ്ട് കൊല്ലം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുക കൈമാറാവുന്നതാണ്. |

സെക്ഷൻ ഓഫീസർ